"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ല — പറപ്പൂർ ഗ്രാമപഞ്ചായത്ത് - 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3(5) - തടസ്സപ്പെടുത്തിയ തുക - സാധൂകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.416/2023/LSGD തീയതി,തിരുവനന്തപുരം, 17-02-2023

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 21.05.2015 ലെ എം3-14415/2015 നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 25.09.2015 ലെ എൽ.എഫ് 8307/പി.റ്റി3/2015 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ പറപ്പൂർ ഗ്രാമപഞ്ചായത്ത് എസ്.എസ്.എൽ.സി. ക്ക് പഠനനിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സ്പെഷ്യൽ കോച്ചിംഗ് ക്ലാസ് നടത്തുന്നതിനായി സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിന് വിരുദ്ധമായി ചെലവഴിച്ച 10,130/- രൂപ 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3(5) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു .

2. ഇതു സംബന്ധിച്ച് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ പറപ്പൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ പഠിതാക്കളുടെ പഠനനിലവാരം മെച്ചപ്പെടുത്തേണ്ടത് പഞ്ചായത്തിന്റെയും ആവശ്യമാണെന്നും വിദ്യാഭ്യാസ മേഖലയിലുണ്ടാകുന്ന വികസനം പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പുരോഗതിയും സമൂലമായ സാമൂഹ്യമാറ്റവും സൃഷ്ടിക്കുമെന്നതിനാലുമാണ് നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കിയതെന്നും ആയതിനുള്ള ചെലവ് സാധൂകരിക്കുന്നതിനായി പഞ്ചായത്ത് ഭരണ സമിതിയും മലപ്പുറം ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും ശുപാർശ ചെയ്തിട്ടുണ്ടെന്നും ആയതിനാൽ ഓഡിറ്റ് തടസ്സത്തിന് സാധൂകരണം നൽകണമെന്നും പരാമർശം (1) പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട് .

3. പഞ്ചായത്ത് പരിധിയിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്താനാണ് തുക ചെലവഴിച്ചത് എന്ന് പഞ്ചായത്ത് കമ്മിറ്റിയുടെ 24.05.2014 ലെ XII (4) ാം നമ്പർ തീരുമാനത്തിൽ വിശദീകരിക്കുന്നതിനാലും 13.01.2005 ലെ II(9) ാം നമ്പർ തീരുമാനപ്രകാരം ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും, അനുകൂല ശുപാർശ നല്കിയിട്ടുള്ളതിനാലും മേൽ ചെലവിന് സാധൂകരണം നൽകുന്നതിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശകൾ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ

സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള കർശനനിർദ്ദേശത്തോടെ മലപ്പുറം ജില്ലയിലെ പറപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(5) പ്രകാരം തടസ്സപ്പെടുത്തിയ **10,130/- രൂപയുടെ ( പതിനായിരത്തി ഒരുന്നൂറ്റി മുപ്പത് രൂപ മാത്രം )** ചെലവിന് **സാധൂകരണം നൽകി ഉത്തരവ്** പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പറപ്പൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം
**അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം**
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ